**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2625** **27-02-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. വി.എൻ വാസവൻ**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ വിവിധ സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് കോതമംഗലം നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസാഹായം അനുവദിക്കുന്നതിനായി **1145 അപേക്ഷകൾ** ലഭ്യമായിട്ടുണ്ട്.ടി അപേക്ഷകളുടെ വിശദാംശങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ആനുകൂല്യങ്ങൾ നല്കുവാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ കോതമംഗലം നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്ന തിലേക്ക് ലഭ്യമായ അപേക്ഷകളിൽ അർഹതപ്പെട്ട **626 അപേക്ഷകളിലായി ആകെ 5,30,63,828/- രൂപ** റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നൽകിയിട്ടുള്ളതും **461 അപേക്ഷകളിൽ** റിസ്ക്ഫണ്ട് ധനസഹായം അനുവദിക്കാൻ ബാക്കിനിൽപ്പുള്ളതും റിസ്ക് ഫണ്ട് മാനദണ്ഡങ്ങൾ പാലിക്കാത്തിനാൽ പരിഗണിക്കാൻ സാധിക്കാത്ത 58 അപേക്ഷകൾ ഉള്ളതുമാണ്.<br><br>അർഹതപ്പെട്ട **626 അപേക്ഷകളിലായി ആകെ 5,30,63,828/- രൂപ** റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |
| (സി) | അർഹരായ മുഴുവൻ പേർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് ബാങ്ക്/സംഘം മതിയായ രേഖകൾ ഉള്ളടക്കം ചെയ്യാതെ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ സമർപ്പിക്കുന്നതിനാലും,ഓരോ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നുണ്ട്.അപ്രകാരം ഉണ്ടാകുന്ന കാലതാമസം |

| | | | |
|---|---|---|---|
| | | | ഒഴിവാക്കി അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിനായി ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ ബോർഡ് നടത്തിവരുന്നതും ആയതിലേക്ക് എല്ലാ ജില്ലകളിലും റിസ്ക് ഫണ്ട് അദാലത്തുകൾ സംഘടിപ്പിച്ച് അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| നം | ബാങ്ക്/സംഘം പേര് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഐ. 178 | 119 |
| 2 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1348 | 130 |
| 3 | കീരംപാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 214 | 87 |
| 4 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 583 | 125 |
| 5 | കോതമംഗലം അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ.1232 | 3 |
| 6 | കോതമംഗലം റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ. 1079 | 9 |
| 7 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 354 | 60 |
| 8 | കോതമംഗലം താലൂക്ക് സഹകരണ ആഗ്രികൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക് ഇ.1192 | 6 |
| 9 | കോതമംഗലം താലൂക്ക് സഹകരണ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ. 746 | 4 |
| 10 | കോതമംഗലം താലൂക്ക് മത്സ്യ വ്യാപാര വിതരണ തൊഴിലാളി സഹകരണ സംഘം ഇ. 1154 | 3 |
| 11 | കോതമംഗലം താലൂക്ക് മെർക്കന്റൈൽ സഹകരണ സംഘം ഇ. 1159 | 33 |
| 12 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 152 | 38 |
| 13 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.ഇ 155 | 30 |
| 14 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ.167 | 96 |
| 15 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. കെ.316 | 56 |
| 16 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 292 | 87 |
| 17 | മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 18 | 37 |
| 18 | മാമലക്കണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഐ. 225 | 4 |
| 19 | മതിരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1577 | 13 |
| 20 | ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 58 | 51 |
| 21 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ 25 | 44 |
| 22 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1015 | 110 |
| | **ആകെ** | **1145** |

Shahida

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 2**

| നം. | ബാങ്ക്/ സംഘത്തിന്റെ പേര് | അനുവദിച്ചവരുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഐ. 178 | 64 | 3640301 |
| 2 | കവളങ്ങാട് സർവ്വീസ് സഹകര ണ ബാങ്ക് ക്ലിപ്തം നമ്പർ. 1348 | 70 | 4741924 |
| 3 | കീരംപാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 214 | 58 | 5893803 |
| 4 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 583 | 67 | 7958356 |
| 5 | കോതമംഗലം അഗ്രി കൾച്ചറൽ ഇംപ്രൂവ് മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ.1232 | 1 | 20270 |
| 6 | കോതമംഗലം റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ. 1079 | 2 | 66594 |
| 7 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 354 | 34 | 3301869 |
| 8 | കോതമംഗലം താലൂക്ക് സഹകരണ അഗ്രിക്കൾച്ചറൽ റൂറൽ ഡവലപ്പ്മെന്റ് ബാങ്ക് ഇ 1192 | 6 | 361701 |
| 9 | കോതമംഗലം താലൂക്ക് സഹകരണ എംപ്ലോ യീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ. 746 | 4 | 251583 |
| 10 | കോതമംഗലം താലൂക്ക് മത്സ്യ വ്യാപാര വിതരണ തൊഴിലാളി സഹകരണ സംഘം ഇ. 1154 | 1 | 48227 |
| 11 | കോതമംഗലം താലൂക്ക് മെർക്കന്റൈൽസഹകരണ സംഘം ഇ. 1159 | 21 | 820558 |
| 12 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 152 | 20 | 2249582 |
| 13 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.ഇ 155 | 10 | 1237712 |
| 14 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ.167 | 54 | 4581536 |
| 15 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. കെ.316 | 35 | 2744500 |
| 16 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 292 | 33 | 2760765 |
| 17 | മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 18 | 24 | 1712603 |
| 18 | മാമലക്കണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഐ. 225 | 2 | 196424 |
| 19 | മതിരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1577 | 5 | 637821 |
| 20 | ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 58 | 32 | 3192688 |
| 21 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ 25 | 30 | 2671350 |
| 22 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1015 | 53 | 3973661 |
| | **ആകെ** | **626** | **53063828** |

Sahude

**സെക്ഷൻ ഓഫീസർ**